**കവിത 10**

**<u>കല്ല് (കല്ലിന്റെ ചൊല്ല്)</u>**

കല്ലാണ് കാരിരുമ്പാണ്

കലാപത്തിനൾത്തീകടഞ്ഞവളാണ്

കില്ലില്ല കാപട്യമില്ല കരിമ്പന

പോലെ നിലയുറപ്പുള്ളോൾ

കല്യാണിയിൽ മയങ്ങാത്തോൾ - ഇവൾ

കല്യാണമെല്ലാമൊഴിഞ്ഞോൾ

കല്ലോലമെത്രയേറ്റാലും ഇവൾ-

ക്കെള്ളോളമില്ല കുലുക്കം

കായാമ്പൂവിന്റെ നിറവും

കായകല്പത്തിനൊത്ത ഗുണവും

കാട്ടുചെമ്പകത്തിന്റെ മണവും

കാട്ടുഞാവൽപ്പഴത്തിൻ രുചിയും

കാടിളക്കുന്ന നടപ്പും

കല്പാന്തം കുടികൊള്ളും കണ്ണും

കതിരോന്റെ ചുരുളിമലയും

കൊടുങ്കാറ്റു പിറക്കുന്ന മൂക്കും

ഉടയാത്ത മുലയും മുഴപ്പും

പിടയാത്ത ചങ്കിന്നുറപ്പും

കിടയറ്റ ശില്പമായ് തീർക്കാനവൻ
കൊതികൊണ്ടു പിറകെ നടന്നു

കല്ല് തിരഞ്ഞു നടന്നോൻ
ദേവീശില്പം ചമയ്ക്കുവാനായി
കണ്മുന്നിൽ കണ്ടു ദേവീ നിൻ
കല്പനാകാരമാം രൂപം

കല്ലോലിനിയിൽ നീ മുങ്ങി
കല്ലോലമാലയിളക്കി
കൽമഷം തീർത്തു പുഴക്കും
പൊങ്ങി പൊന്നാര്യനോടൊപ്പം

അതുകണ്ടു കൈകൂപ്പി നിന്നോൻ
അതുപൊതുഴ നിന്നെ ഭജിച്ചോൻ
നിൻ രൂപശില്പം ചമയ്ക്കാൻ
നിന്നെ തപസ്സുതുടങ്ങി

നിന്നളവാഴമളക്കാൻ
നിൻ നിഴലായവൻ കൂടി
നിന്നലി,വൻപു നണയാൻ
വട്ടമിട്ടു നിന്റെ ചുറ്റും

കണ്ടില്ലവനെ നീ എന്നാൽ
കേട്ടില്ലവനെ നീ തെല്ലും

ഓർത്തില്ലവനെ നീ പേർത്തും
ഒട്ടും ചേർത്തില്ലവനെ നീ കൂട്ടും

എങ്കിലും വന്നവൻ വീണ്ടും
കൊലുസ്സില്ലാത്ത പാദങ്ങൾ പൂകി
ആരെന്നു നോക്കുവാൻ പോലും
നീ തലതാഴ്ത്തിയതില്ല

അറിയാം അവൾക്കു നീയാരെ-
ന്നറിയാം നിനക്കെന്തു വേണെ-
ന്നറിയാം നിനക്കെന്തു രൂപം, ഭാവ-
മറിയാം നിനക്കില്ല മാറ്റം

ഒടുവിലവൾ പോയ വഴി നീ
നീണ്ടു നിവർന്നു കിടന്നു
"എന്നേ ചവിട്ടി നീ പോകെ"-
ന്നേറ്റം കരഞ്ഞവനോതി

കൈപിടിച്ചവനെയുയർത്തി
കൺകളിൽ നോക്കിയ നേരം
കണ്ണിലെ തീയവനൊട്ടും
കാണാതൊളിപ്പിക്കാനായി -

ല്ലായതു കണ്ടു ചിരിച്ചോളോതി
"കല്ലു ഞാനെന്നെ പകർത്താൻ

ഏതുണ്ട് കല്ല നിൻ പക്കൽ

അതിനേതുളിയുണ്ട് നിൻ കൈയിൽ ?"

തലതാഴ്ത്തി നടന്നോനെ നോക്കി

തലപൊക്കി നീ മെല്ലെ ചിരിച്ചു

കല്ല ഞാൻ തന്നെയാ കല്ല്

ചന്ദ്രകാന്തമെന്നാരറിഞ്ഞീടാൻ!

***– സാമജ കൃഷ്ണ***